പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*275 | 11-12-2018-ലെ മറുപടിയ്ക്ക്

# പ്രളയം കാർഷികമേഖലയിൽ ഉണ്ടാക്കിയ പ്രത്യാഘാതങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.ജെ.ജോസഫ്**<br>**ശ്രീ.റോഷി അഗസ്റ്റിൻ**<br>**ശ്രീ.മോൻസ് ജോസഫ്**<br>**ഡോ.എൻ. ജയരാജ്** | **ശ്രീ.വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| **(എ)** 2018-ലെ പ്രളയം കാർഷികമേഖലയിൽ ഉണ്ടാക്കിയിട്ടുള്ള പ്രത്യാഘാതങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | **(എ)** 2018 ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിന്റെ ഫലമായി സംസ്ഥാനത്തൊട്ടാകെ 2,36,649.5 ഹെക്ടർ സ്ഥലത്തെ കൃഷി പൂർണ്ണമായും നശിച്ചുപോയിട്ടുണ്ട്. കാർഷിക മേഖലയിൽ 19,001.84 കോടി രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്. ആയതിന്റെ ഘടകം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| ക്രമ നമ്പർ | ഘടകം | രൂപ (കോടിയിൽ) |
|---|---|---|
| 1. | വിളകൾക്കുണ്ടായ നാശനഷ്ടം | 18545.25 |
| 2. | കൃഷിഭൂമിക്കുണ്ടായ നാശനഷ്ടം (മണ്ണിടിച്ചിൽ, ഉരുൾ പൊട്ടൽ തുടങ്ങിയവ) | 326.25 |
| 3. | കാർഷിക മേഖലയിലെ ആസ്തികൾക്കും, ഉല്പാദനോപാധികൾക്കും ഉണ്ടായ നാശനഷ്ടം | 130.34 |
| | **ആകെ** | **19001.84** |

| ചോദ്യം | മറുപടി |
|---|---|
| **(ബി)** ഉരുൾപൊട്ടലും ശക്തമായ ജലപ്രവാഹവും മൂലം മണ്ണിന്റെ ഘടനയ്ക്ക് എത്രത്തോളം മാറ്റമുണ്ടാകാൻ സാധ്യതയുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | **(ബി)** ഉണ്ട്. സംസ്ഥാനത്ത് വെള്ളപ്പൊക്കത്തെ തുടർന്നുണ്ടായ കൃഷിനാശം നേരിടുന്നതിനും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും വിളപരിപാലനത്തിനും സംരക്ഷണത്തിനുമായി വിശദമായ രൂപരേഖ തയ്യാറാക്കുന്നതിനുമായി കേരള കാർഷിക സർവ്വകലാശാല, ഗവേഷണ കേന്ദ്രങ്ങൾ, കൃഷി വകുപ്പ്, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് എന്നിവിടങ്ങളിലെ ശാസ്ത്രജ്ഞരും |

| | | | |
|---|---|---|---|
| | | | ഉദ്യോഗസ്ഥരും അടങ്ങുന്ന ടീമുകളെ നിയമിച്ചിരുന്നു. തൃശ്ശൂർ, പാലക്കാട്/ മലപ്പുറം, കോഴിക്കോട്/ വയനാട്, എറണാകുളം, ആലപ്പുഴ/ കോട്ടയം, ഇടുക്കി എന്നീ ജില്ലകളിൽ രൂപീകരിച്ച സംഘങ്ങൾ പ്രളയ ബാധിത പ്രദേശങ്ങൾ സന്ദർശിക്കുകയും മണ്ണ് സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തി വിശകലനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ കേരള കാർഷിക സർവ്വകലാശാല ഗവേഷണ വിഭാഗം മേധാവി റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തു.<br>മേൽമണ്ണ് ഒലിച്ചുപോയ മലയോരമേഖലകളിലും കുന്നിൻ പ്രദേശങ്ങളിലെയും മണ്ണിൽ നിന്ന് മേൽമണ്ണിനോടൊപ്പം പോഷകമൂലകങ്ങൾ ധാരാളമായി നഷ്ടപ്പെട്ടതായി കണ്ടിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജൈവാംശവും ഒപ്പം തന്നെ മൂലകങ്ങളായ നൈട്രജൻ, ഫോസ്ഫറസ്, കാൽസ്യം, മഗ്നീഷ്യം, സൾഫർ, ബോറോൺ തുടങ്ങിയവയും നഷ്ടപ്പെട്ടിട്ടുണ്ട്. കൂടാതെ സമതല പ്രദേശങ്ങളിലും പുഴയോര പ്രദേശങ്ങളിലും നെൽപാടങ്ങളിലും വലിയ തോതിൽ എക്കൽ അടിഞ്ഞുകൂടിയിട്ടുണ്ട്. ഈ എക്കൽ പോഷകമൂലകങ്ങളാൽ സമ്പുഷ്ടമാണ്. എന്നാൽ പൊട്ടാസ്യം, കാൽസ്യം, മഗ്നീഷ്യം, ബോറോൺ എന്നീ മൂലകങ്ങളുടെ അഭാവം ശ്രദ്ധിക്കേണ്ടതുണ്ട്. ഘനലോഹങ്ങളുടെയോ കീടനാശിനി അവശിഷ്ടങ്ങളുടെയോ സാന്നിധ്യം ഈ എക്കൽ പരിശോധനയിൽ കണ്ടിട്ടില്ല. എക്കലിന്റെ അമ്ലത്വം നിർവീര്യാവസ്ഥയിലാണ്. ഈ എക്കൽ മണ്ണ് സൂക്ഷ്മ രൂപത്തിലുള്ള തരികളായതു കൊണ്ട് ഇവ ഉണങ്ങുമ്പോൾ അടിഞ്ഞു കൂടിയ എക്കലിന്റെ അളവനുസരിച്ച് പല ഘനത്തിലുള്ള പാളികളായി മണ്ണിന്റെ മേൽത്തട്ടിൽ ഉറച്ചുപോകുന്നു. തന്മൂലം മണ്ണിലെ വായുസഞ്ചാരത്തിനും വേരുകളുടെ വളർച്ചയ്ക്കും വിഘാതമാകുന്നു. |
| (സി) | കാർഷികമേഖലയിൽ ഉണ്ടായിട്ടുള്ള ഈ സ്ഥിതിവിശേഷത്തിൽ കർഷകരെ സഹായിക്കുന്നതിന് മണ്ണുപരിശോധന വിഭാഗത്തിന്റെയും കൃഷി വിജ്ഞാന വ്യാപന പ്രചരണ വിഭാഗത്തിന്റെയും സേവനം എത്രത്തോളം ഫലപ്രദമായി ലഭിക്കുന്നുണ്ടെന്ന് അറിയിക്കുമോ; | (സി) | പ്രളയ ബാധിത മേഖലകളെ കേന്ദ്രീകരിച്ച് മണ്ണുപരിശോധന വിഭാഗത്തിന്റെ ക്യാമ്പയിനുകളും ബോധവൽക്കരണവും നടത്തി പ്രസ്തുത പ്രദേശങ്ങളിൽനിന്നും മണ്ണ് സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തിയതിൽ നൈട്രജൻ, പൊട്ടാഷ്, കാൽസ്യം എന്നിവ മണ്ണിൽ കുറഞ്ഞിരിക്കുന്നതായി കാണപ്പെട്ടു. മണ്ണിന്റെ അമ്ലത്വം കൂടിയിട്ടുണ്ട്. എന്നാൽ ഇടുക്കി |

| | | | |
|---|---|---|---|
| | | | പ്രദേശത്ത് നൈട്രജന് കാര്യമായി കുറവ് വന്നിട്ടില്ല. മണ്ണുപരിശോധന വിഭാഗത്തിന്റെ പരിശോധനയിൽ മണ്ണിൽ സൂക്ഷ്മ മൂലകങ്ങളുടെ ഏറ്റക്കുറച്ചിൽ കാണുകയും ശുപാർശകൾ നൽകുകയും ചെയ്തിട്ടുണ്ട്. കർഷകരെ സഹായിക്കുന്നതിനായി വയനാട് പ്രദേശത്ത് വയനാട് പദ്ധതിയിലുൾപ്പെടുത്തി നീറ്റുകക്കയും ജൈവവളവും സൗജന്യനിരക്കിൽ വിതരണം ചെയ്യുന്നുണ്ട്. കൂടാതെ മറ്റ് ജില്ലകളിലും 'മണ്ണിന്റെയും വേരിന്റെയും ആരോഗ്യ പരിപാലനവും ഉല്പാദന ക്ഷമത ഉയർത്തലും' എന്ന പദ്ധതി പ്രകാരം നീറ്റുകക്കയും ജൈവവളവും സൗജന്യനിരക്കിൽ വിതരണം ചെയ്തു വരികയാണ്.<br>പുനർജനി പദ്ധതിയുടെ ഭാഗമായി വിവിധ ജില്ലകളിൽ പയർ വിത്തുകൾ, പച്ചക്കറി വിത്തുകൾ, പച്ചക്കറി തൈകൾ, മൈക്രോ ന്യൂട്രിയന്റ് കിറ്റുകൾ, കുമ്മായം എന്നിവ വിതരണം ചെയ്യുകയുണ്ടായി. കാർഷിക സർവ്വകലാശാല, വിജ്ഞാനകേന്ദ്രങ്ങൾ, എന്നിവ പുറത്തിറക്കിയ പ്രളയാനന്തര കാർഷിക പരിചരണമുറകൾ/വിദ്യകൾ കൃഷിക്കാരിലെത്തിക്കാൻ ഫാം സ്കൂളുകൾ, കിസാൻ ഗോഷ്ഠി, വിവിധ പരിശീലന പരിപാടികൾ, കാർഷിക സമ്പർക്ക പരിപാടികൾ എന്നിവയിലൂടെ സാധിച്ചു പ്രളയാനന്തര ശാസ്ത്രീയ കൃഷി പരിചരണമുറകളെക്കുറിച്ച് കാർഷിക സർവ്വകലാശാലയുമായി ചേർന്ന് സെമിനാറുകൾ സംഘടിപ്പിക്കുകയുണ്ടായി. കൃഷി വകുപ്പ് ഉദ്യോഗസ്ഥർ പ്രളയ ബാധിതരായ കർഷകരുടെ കൃഷിയിടങ്ങൾ സന്ദർശിക്കുകയും, കർഷകരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കാനായി കൗൺസിലിംഗ് നടത്തുകയുമുണ്ടായി.<br>SFAC ആനയറയിലുള്ള കാർഷിക വിവരസങ്കേതം കാൾ സെന്റർ പ്രളയരക്ഷാ നേതൃത്വത്തിനായി 18.08.2018, 19.08.2018 എന്നീ ദിവസങ്ങളിൽ തുടർച്ചയായി 24 മണിക്കൂറും പ്രവർത്തിച്ച് കോളുകൾ അതാത് ജില്ലാ കളക്ടർമാർ, തിരുവനന്തപുരം, കൊച്ചി കൺട്രോൾ റൂമുകൾ, പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ മുതലായവർക്ക് വിവരം കൊടുക്കുകയും പ്രവർത്തന പുരോഗതി അറിയിക്കുകയും ചെയ്തു. പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോട്ടയം, മലപ്പുറം |

| | | | |
|---|---|---|---|
| | | | ജില്ലകളിൽ നിന്നും ലഭിച്ച കോളുകൾ ഫലപ്രദമായി പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തി.<br>നവമാദ്ധ്യമങ്ങളായ വാട്ട്സ്ആപ്പ്, ഫേസ് ബുക്ക് ഗ്രൂപ്പുകൾ വഴിയും പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്നതിന് സാധിച്ചു. |
| (ഡി) | പ്രളയാനന്തര കാർഷിക മേഖലയുടെ സമഗ്രമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് കൃഷി വകുപ്പിന്റെ ബഹുമുഖ സംവിധാനങ്ങൾ സജ്ജമാണോ;വ്യക്തമാക്കുമോ; | (ഡി) | സജ്ജമാണ്. പ്രളയാനന്തരം ഓരോ വിളയ്ക്കും സ്വീകരിക്കേണ്ട പരിചരണമുറകളും നടപടികളും കാർഷിക യൂണിവേഴ്സിറ്റി തയ്യാറാക്കിയ വീഡിയോകൾ, കാർഷിക വിവരസങ്കേതം മുഖേന ഫേസ്ബുക്ക്, വാട്ട്സ്ആപ്പ് ഗ്രൂപ്പുകൾ വഴി കർഷകരിലേയ്ക്കെത്തിക്കുവാൻ കഴിഞ്ഞു.<br>പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് ആനുകൂല്യം എത്രയും വേഗം നൽകുന്നതിലേയ്ക്കായി NIC മുഖാന്തിരം SMART സോഫ്റ്റ് വെയർ വികസനം അവസാനഘട്ടത്തിലാണ്.<br>കൃഷിഭവൻ തലത്തിൽ കൃഷിവകുപ്പ് നടത്തിയ പ്രളയാനന്തര കാർഷിക പദ്ധതിയായ 'പുനർജനി' പദ്ധതിക്കുവേണ്ടി പ്രചാരണ പ്രവർത്തനങ്ങൾ ഫാം ഇൻഫർമേഷൻ ബ്യൂറോ സംഘടിപ്പിച്ചിട്ടുണ്ട്. പ്രളയാനന്തരം കാർഷിക മേഖലയിൽ അനുവർത്തിക്കേണ്ട പ്രവർത്തനങ്ങൾ എന്ന ബുക്കലെറ്റ്, ലീഫ് ലെറ്റുകൾ എന്നിവ പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br>കൃഷി വിജ്ഞാന വ്യാപന പ്രചാരണവുമായി ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ഓഫീസുകൾ വഴി കർഷകർക്കു നേരിട്ടു മാർഗ്ഗനിർദ്ദേശം നൽകുന്നതോടൊപ്പം പ്രളയാനന്തരം കാർഷിക മേഖലയിൽ അനുവർത്തിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച് ബുക്കലെറ്റ് എല്ലാ കർഷകർക്കും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ റേഡിയോ പരിപാടിയായ ഞാറ്റുവേല ആകാശവാണി എഫ്.എം. നിലയങ്ങൾവഴി പ്രളയവും പ്രളയാനന്തരവും (കൃഷി, മൃഗ സംരക്ഷണം, ക്ഷീരവികസനം) അനുവർത്തിക്കേണ്ട എല്ലാ തുടർ നടപടികളെക്കുറിച്ചും പ്രക്ഷേപണം നടത്തിയിട്ടുണ്ട്. |
| (ഇ) | കൃഷി വകുപ്പിന്റെ പ്രവർത്തനം | (ഇ) | എഫ്.ഐ.ബി.യുടെ പ്രവർത്തനം |

| | | | | |
|---|---|---|---|---|
| | | കാര്യക്ഷമമാക്കുന്നതിനുവേണ്ടി നിലവിലുള്ള ഒഴിവുകൾ സമയബന്ധിതമായി നികത്തുന്നതിനും സഞ്ചരിക്കുന്ന മണ്ണ് പരിശോധന വിഭാഗത്തിന്റെയും ഫാം ഇൻഫർമേഷൻ ബ്യൂറോയുടെയും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | | കാര്യക്ഷമമാക്കുന്നതിനു വേണ്ടി നിലവിലുള്ള വെബ്സൈറ്റ് നവീകരണം, എഫ്.ഐ.ബി.യുടെ മൊബൈൽ ആപ്ലിക്കേഷൻ, കവടിയാർ ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ മുന്നിൽ കൃഷി അനുബന്ധ മേഖലയിലെ പ്രവർത്തനങ്ങളെയും വകുപ്പുകളുടെ പദ്ധതികളെയും സംബന്ധിച്ച Scroll news പ്രദർശിപ്പിക്കുന്നതിനുള്ള LED Wall എന്നിവ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു.<br>ആലപ്പുഴ കേന്ദ്രീകരിച്ച് കുട്ടനാട് റേഡിയോ സ്റ്റേഷൻ, തൃശ്ശൂർ കേന്ദ്രീകരിച്ച് FIB യുടെ ഒരു റീജിയണൽ ഓഫീസ് എന്നിവ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>സംസ്ഥാനത്തെ മണ്ണ് പരിശോധന ശാലകൾ കൃഷിയിടങ്ങൾ സന്ദർശിച്ച് ക്യാമ്പയിൻ അടിസ്ഥാനത്തിൽ മണ്ണ് പരിശോധന നടത്തി കർഷകർക്ക് നിർദ്ദേശങ്ങൾ നൽകിവരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ സോയിൽ ഹെൽത്ത് കാർഡ് പദ്ധതി സഞ്ചരിക്കുന്ന മണ്ണ് പരിശോധന ശാലകൾ വഴിയും കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു.<br>കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ